# അഹിംസ | വീഗൻ

ദയയും അഹിംസയുമാണ് മനുഷ്യ ജീവിതത്തിന്റെ അടിസ്ഥാനം. സത്യസന്ധരായ പരിഷ്കൃതരായ ആളുകൾ ജീവിതകാലം മുഴുവൻ ഈ മൂല്യങ്ങളിൽ ഉറച്ചുനിൽക്കും.



## മൃഗ വ്യവസായത്തിലെ ക്രൂരമായ രീതികൾ

കൃത്രിമ ബീജസങ്കലനം, ആൺകുഞ്ഞിനെ ജനനസമയത്ത് കൊല്ലുക, അമ്മമാരിൽ നിന്ന് വേർപെടുത്തുക, ആവശ്യത്തിന് ഭക്ഷണവും വെള്ളവും വായുവും ഇല്ലാതെ ഇടുങ്ങിയ ഇടങ്ങളിൽ മൃഗങ്ങളെ ഒതുക്കി നിർത്തുക എന്നിങ്ങനെ മൃഗവ്യവസായത്തിൽ നിരവധി ക്രൂരമായ രീതികളുണ്ട്. അവരെ അംഗഭംഗം വരുത്തി, ജീവിതകാലം മുഴുവൻ വേദനിപ്പിച്ച്, ഒടുവിൽ നമ്മുടെ അത്യാഗ്രഹത്തിന് വേണ്ടി ഈ സാധു ജീവികളെ കൊന്നൊടുക്കുന്നു. മൃഗ വ്യവസായത്തിൽ വെറും ലാഭത്തിന് വേണ്ടി മാത്രം കൃത്രിമമായി മൃഗങ്ങളെ വളർത്തുകയും ശേഷം കൊല്ലുകയും ചെയ്യുന്നു. നമ്മളെ പോലെ തന്നെ വേദന, സന്തോഷം, സങ്കടം, ഭയം തുടങ്ങിയ എല്ലാ വികാരങ്ങളുമുള്ള ജീവികളാണ് മൃഗങ്ങൾ.



# കോഴികൾ

45 ദിവസം മാത്രം പ്രായമുള്ള, കുത്തിവയ്പ്പിലൂടെ അസ്വാഭാവികമായി തടിച്ച കുഞ്ഞുങ്ങളെയാണ് "ബ്രോയിലർ ചിക്കൻ" എന്ന ഓമനപ്പേരിട്ട് ആളുകൾ കഴിക്കുന്നത്. ഏതാനും ആഴ്ചകൾക്കുള്ളിൽ വളരെ വേഗത്തിൽ വളരുന്ന ഇറച്ചിക്കോഴികൾ അവരുടെ എല്ലുകൾക്ക് അവയുടെ ഭാരം താങ്ങാനാവാതെ അസഹനീയമായ വേദന അനുഭവിക്കുന്നു. മനുഷ്യർ അവരുടെ രുചിക്കും സ്വാർത്ഥ ആവശ്യങ്ങൾക്കും വേണ്ടി പ്രതിദിനം 200 ദശലക്ഷം കോഴികളെ ക്രൂരമായി കൊല്ലുന്നു. ലോകത്ത് ഏറ്റവും കൂടുതൽ ചൂഷണം ചെയ്യപ്പെടുന്ന ഇനമാണ് ബ്രോയിലർ കോഴികൾ.



# മുട്ട

കോഴികൾ സ്വാഭാവികമായി പ്രതിവർഷം 12-15 മുട്ടകൾ ഇടുന്നു, എന്നാൽ ജനിതകപരമായി ഒരു പുതിയ ഇനം "ലെയർ" കോഴികളെ സൃഷ്ടിച്ചു, അത് പ്രതിവർഷം 250-300 മുട്ടകൾ ഉത്പാദിപ്പിക്കാൻ നിർബന്ധിതരാകുന്നു. തുടർച്ചയായി മുട്ടയിടുന്നതിനാൽ ഈ കോഴികൾ 7-8 മാസത്തിനുള്ളിൽ തളരുകയും, ഒടുവിൽ അവയുടെ കുടൽ പുറത്തു വരികയും ചെയ്യുന്നു. ആഗോളതലത്തിൽ, മുട്ട വ്യവസായം പ്രതിദിനം 20 ദശലക്ഷം ആൺകുഞ്ഞുങ്ങളെ നിഷ്കരുണം കൊല്ലുന്നുണ്ട്.



YV Care



# ചെമ്മരിയാട് / ആട്

ലോകത്ത് കൃത്രിമമായി വളർത്തുന്ന ചെമ്മരിയാടുകളുടെയും ആടുകളുടെയും എണ്ണം ഏകദേശം 3 ബില്യൺ ആണ്, അതിൽ 1.5 ബില്യൺ ആടുകളെ ഓരോ വർഷവും കൊല്ലപ്പെടുത്തുന്നുണ്ട്. ചിലരെ മതത്തിന്റെ പേരിൽ ബലിയർപ്പിക്കപ്പെടുമ്പോൾ, ബാക്കിയുള്ളവർ നമ്മുടെ രുചിക്ക് വേണ്ടി കൊല്ലപ്പെടുന്നു. 15-20 വയസ്സ് വരെ ജീവിക്കേണ്ട ഈ മൃഗങ്ങൾ ഒരു വർഷത്തിനുള്ളിൽ ക്രൂരമായി കൊല്ലപ്പെടുന്നു.



# പന്നികൾ

4-5 വയസ്സുള്ള കുട്ടിക്ക് സമാനമായ IQ ഉള്ള പന്നികൾ വളരെ ബുദ്ധിയുള്ള ജീവികളാണ്. ലോകത്ത് ഏകദേശം 2 ബില്യൺ പന്നികളുണ്ട്, അവയിൽ പ്രതിവർഷം ഒരു ബില്യൺ പന്നികളെ നാം കൊന്ന് തിന്നുന്നു. സാധാരണ വർഷത്തിലൊരിക്കൽ പ്രസവിക്കുന്ന ഇവയെ ചൂഷണം ചെയ്യുകയും വർഷത്തിൽ മൂന്ന് തവണ പ്രസവിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്നു. തളർന്നു കഴിഞ്ഞാൽ, ഒരു വർഷത്തിനകം പന്നികളെ ഭക്ഷണത്തിനായി കൊന്ന് തിന്നും.

YV Care



# മീനുകൾ

ജലജീവികൾ നമ്മളിൽ നിന്ന് വളരെ വ്യത്യസ്തമായതിനാൽ അവയെ വികാരമുള്ള ജീവികളായി നാം കാണാറില്ല. ജല ജീവികൾക്ക് അതുകൊണ്ട് തന്നെ നമ്മൾ യാതൊരു പരിഗണനയും നൽകാറുമില്ല. നമ്മൾ മത്സ്യങ്ങളെ ടൺ കണക്കിന് ആണ് കൊല്ലുന്നത്. (50% നമ്മൾ വല ഉപയോഗിച്ച് പിടിക്കുന്നതാണ്). നമ്മൾ മത്സ്യ സമ്പത്ത് മാത്രമല്ല നശിപ്പിക്കുന്നത് ഈ ലോകത്തിൽ സന്തുലിതാവസ്ഥ നിലനിർത്തുന്ന സമുദ്രങ്ങളെ കൂടിയാണ്. ഇത് തുടർന്ന് പോവുകയാണെങ്കിൽ ഭൂമിയുടെ നാശത്തെ തടുക്കാൻ ഒന്നു കൊണ്ടും സാധ്യമാവില്ല.



# തേൻ

10 -12 തേൻ ഈച്ചകളുടെ ഒരു ജീവിത കാലം മുഴുവൻ ഉള്ള അധ്വാനത്തിന്റെ ഫലമാണ് ഒരു ടീസ്പൂൺ തേൻ. പിന്നീട് കഴിക്കാൻ വേണ്ടി അവർ കഷ്ടപ്പെട്ട് സമ്പാദിച്ച തേൻ ആണ് നമ്മൾ മോഷ്ടിച്ച് എടുക്കുന്നത്. രാജ്ഞിയെയും ആ മുഴുവൻ കൂടും നമ്മൾ കൈവശപ്പെടുത്തി അവരെ തടവിലാക്കുന്നു.ഈ ക്രൂരമായ വ്യവസായം ബില്യൺ കണക്കിന് തേൻ ഈച്ചകളെയാണ് ഓരോ വർഷവും കൊന്നൊടുക്കുന്നത്. തേൻ ശേഖരിച്ച് വെയ്ക്കാത്ത തരം തേൻ ഈച്ചകൾ നമ്മുടെ ഈ അത്യാഗ്രഹം മൂലം വംശ നാശം സംഭവിച്ചു ഇല്ലാതെയായി.



YV Care



# പാൽ

ബീഫ് കയറ്റുമതിയിൽ മൂന്നാം സ്ഥാനമാണ് ലോകരാജ്യങ്ങളിൽ ഇന്ന് ഇന്ത്യക്ക് ഉള്ളത്. ഇതിന് കാരണം ഇന്ത്യയിലെ വിപുലമായ പാൽ വ്യവസായം ആണ്, ഏകദേശം 10 കോടിയോളം സാധു ജീവികളെയാണ് വർഷവും പാൽ വ്യവസായം കൊന്നു ഒടുക്കുന്നത്. കറവ വറ്റുമ്പോൾ പശുക്കളെ ഉപേക്ഷിക്കുകയോ അറവുശാലയിലേക്ക്  തള്ളി വിടുകയോ ആണ് ചെയ്യുന്നത് (മാംസത്തിനും തുകലിനും വേണ്ടി).



# തുകൽ

ലോകത്ത് ഏറ്റവും അധികം തുകൽ ഉൽപ്പാദിപ്പിക്കുന്നത് ഇന്ത്യയാണ്. പാലിനും ഇറച്ചിക്കും വേണ്ടി വലിയ തോതിൽ മൃഗങ്ങളെ ബ്രീഡ് ചെയ്തു അവയെ നിഷ്കരുണം ഉപയോഗിച്ച ശേഷം അവയുടെ തുകൽ, തുകൽ വ്യവസായത്തിന് വിൽക്കുന്നു. വികസിത രാജ്യങ്ങളിൽ തുകൽ വ്യവസായം മലിനീകരണ പ്രശ്നം മൂലം അനുവദനീയമല്ല. പക്ഷേ മലിനീകരണ പ്രശ്നം വകവയ്ക്കാതെ ഇന്ത്യ പോലെയുള്ള രാജ്യങ്ങൾ പണത്തിനു വേണ്ടി തുകൽ വ്യവസായം നടത്തുന്നു. തുകൽ വ്യവസായം മൂലം മൃഗങ്ങളും, പുഴകളും, പാടങ്ങളും നമ്മുടെ മുഴുവൻ പ്രകൃതിയും നാശത്തിന്റെ വക്കിലാണ്.

YV Care YV Care YV Care YV Care YV Care YV Care YV Care YV Care



# കമ്പിളി

കമ്പിളി ഉത്പന്നങ്ങൾ ഉണ്ടാക്കുന്നത് ക്രൂരവും വളരെ വേദനാജനകമായ രീതിയിലുമാണ്. ചെമ്മരിയാടുകളെ അനസ്തേഷ്യ പോലും നൽകാതെയാണ് അവയെ വന്ധ്യംകരണം ചെയ്യുന്നത്. അവയുടെ മലമൂത്രങ്ങൾ പറ്റി കമ്പിളി നശിക്കാതിരിക്കാൻ വേണ്ടി അവയുടെ വാലും ചുറ്റുപാടുള്ള തൊലിയും ചെത്തി എടുത്ത് മാറ്റുന്നു. പഴുപ്പിച്ച കമ്പി ഉപയോഗിച്ച് അവയുടെ കൊമ്പുകൾ ഇളക്കി പറിച്ച് കളയുന്നു. ഇങ്ങനെ ക്രൂരമായി ചെയ്യുമ്പോൾ മിക്ക ചെമ്മരിയാടുകളും മരിച്ച് വീഴുന്നു. കുറച്ച് തവണ ഇങ്ങനെ ക്രൂരമായി അവയുടെ കമ്പിളി എടുത്ത ശേഷം മാംസത്തിന് വേണ്ടി അവയെ നിഷ്കരുണം കൊല്ലുന്നു.



# പട്ട്

1 kg പട്ട് നിർമിക്കാൻ ഏകദേശം 6500 പട്ട് നൂൽ പുഴുക്കളെ തിളച്ച വെള്ളത്തിൽ ഇട്ടാണ് പുഴുങ്ങുന്നത്. അതായത് ഒരു പട്ട് സാരി നിർമിക്കാൻ ഏകദേശം 10 -15,000 പട്ട് നൂൽ പുഴുക്കളെ കൊന്നൊടുക്കുന്നു. യാതൊരു ദയയും ഇല്ലാതെ കോടികണക്കിന് പ്രാണികളെയാണ് നാം ഓരോ വർഷവും ഇങ്ങനെ നിഷ്കരുണം കൊല്ലുന്നത്. നമുക്ക് മറ്റ് രീതിയിൽ വസ്ത്രം നിർമിക്കാൻ സാധിക്കും എന്നതിനാൽ ഈ ക്രൂരത ആവശ്യമുണ്ടോ? പട്ട് വസ്ത്രങ്ങൾ ഉണ്ടാക്കാൻ ഉപകരിക്കാത്തത് കൊണ്ട് വിവിധ ഇനങ്ങളിൽ പെട്ട പട്ട് നൂൽ പുഴുക്കളുടെ വംശം ഇന്ന് അന്യം നിന്ന് പോയിരിക്കുന്നു.



YV Care YV Care YV Care YV Care



# പരിസ്ഥിതി

ആഗോള താപനത്തിന് കാരണമാകുന്ന വാതകങ്ങൾ 51% ശതമാനത്തിൽ അധികം ഉണ്ടാക്കുന്നത് പാൽ , ഇറച്ചി വ്യവസായങ്ങളിൽ നിന്നുമാണ്. കന്നുകാലി കൃഷിക്ക് വേണ്ടി ഓരോ സെക്കന്റിലും 1.5 ഏക്കർ വനമാണ് വെട്ടി നിരത്തുന്നത്. പാൽ - ഇറച്ചി ഉത്പാദനത്തിന് 10-20 ഇരട്ടി ജലവും മണ്ണും പ്രകൃതി കനിഞ്ഞു നൽകിയ മറ്റ് പലതുമാണ് ആവശ്യമായി വരുന്നത്. ഇതുമൂലം ആഗോളതാപനം, ഭക്ഷ്യ ധാന്യങ്ങളുടെ ക്ഷാമം, ദാരിദ്ര്യം, ജല സ്രോതസ്സുകളുടെ നശീകരണം എന്നീ പ്രശ്നങ്ങൾ ഉണ്ടാകുന്നു. കന്നുകാലി കൃഷിയാണ് ലോകത്തിൽ ഏറ്റവും കൂടുതൽ പരിസ്ഥിതി നശീകരണം ഉണ്ടാക്കുന്നത്. ജൈവ വൈവിധ്യം, പ്രകൃതിയുടെ നിലനിൽപ്പ്, കാലാവസ്ഥ വ്യതിയാനം എന്നിവയ്ക്ക് വലിയൊരു ഭീഷണിയാണ് ഇത്.



# സമുദ്രം

ഓരോ ദിവസവും 7.5 ബില്യൺ കടൽ ജീവികളെയാണ് നമ്മൾ കൊന്നൊടുക്കുന്നത്. (മനുഷ്യരുടെ ജനസംഖ്യക്ക് തുല്യം). മനുഷ്യരുടെ കടന്ന് കയറ്റം മൂലം 28 വർഷം കൊണ്ട് സമുദ്രം കാലിയാകും എന്നാണ് ശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നത്. പ്ലവകം, പവിഴ പുറ്റുകൾ എന്നീ ജല ജീവികളിൽ നിന്നുമാണ് 70% ഭൂമിയിൽ ഓക്സിജൻ ഉൽപ്പാദിക്കപ്പെടുന്നത്. ഇവയെല്ലാം നമ്മുടെ ജീവിതത്തിന് വലിയ ആവശ്യമായിട്ട് പോലും നമ്മൾ സമുദ്രം നശിപ്പിക്കുന്നത് തുടർന്ന് കൊണ്ടേ ഇരിക്കുന്നു.

YV Care YV Care YV Care YV Care



# ആരോഗ്യം

ഇന്ന് ഏറ്റവും കൂടുതൽ കണ്ടുവരുന്ന ക്യാൻസർ, ഹൃദ്രോഗം, പ്രമേഹം എന്നിവയ്ക്ക് എറ്റവും വലിയ കാരണമാകുന്നത് മാംസാഹാരം ആണ്. ഒരു സമ്പൂർണ വീഗൻ സസ്യാഹാര രീതിയിൽ അസുഖങ്ങൾ ഇല്ലാതെ പൂർണ്ണ ആരോഗ്യത്തോടെ ജീവിക്കാൻ സാധിക്കും. ഈ ലോകത്ത് ഇന്ന് ധാരാളം ആളുകൾ സമ്പൂർണ സസ്യാഹാര രീതി പിന്തുടർന്ന് കൊണ്ട് ആരോഗ്യത്തോടെ ജീവിക്കുന്നു.




# ഡോക്ടറുടെ ഉപദേശം

പ്രഗൽഭരായ എല്ലാ ഡോക്ടർമാരും വീഗൻ ഭക്ഷണ രീതി നിർദ്ദേശിക്കുന്നു. ഇന്ത്യയിൽ 60-70% ആളുകൾ ലാക്ടോസ് അസഹിഷ്ണുത (അലർജി) ഉള്ളവരാണ്. ഇത് അവരുടെ പ്രതിരോധ ശേഷിയെ ബാധിക്കുന്നു. പാലിന്റെയും മാംസത്തിന്റെയും ഉപയോഗം ക്യാൻസർ, പ്രമേഹം, ഹൃദ്രോഗം എന്നീ രോഗങ്ങൾ വരാനുള്ള സാധ്യത വർധിപ്പിക്കുന്നു. നാം നിത്യവും ഭക്ഷണത്തിൽ വിവിധയിനം പച്ചക്കറികളും പഴങ്ങളും,ധാന്യങ്ങളും, പരിപ്പ്-പയർവർഗ്ഗങ്ങളും, വിത്തുകളും ഉൾപ്പെടുത്തണം.

**കൂടുതൽ അറിയാൻ**

ഇന്ത്യൻ വീഗൻ ഗ്രൂപ്പുകൾ

events@yvcare.in
+91 8928302122

YV Care YV Care YV Care YV Care YV Care YV Care